കയർ വ്യവസായവികസനത്തിനു നീക്കിവച്ചിട്ടുള്ള തുക

* 671. [28] ശ്രീ. പി. എസ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം പദ്ധതിക്കാലത്തു് കയർ വ്യവസായവികസനത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള തുകയെത്ര;

(ബി) കഴിഞ്ഞ വർഷങ്ങളിൽ ഇതിൽ എത്ര ഉറുപ്പികവീതം വകകൊള്ളിക്കുകയും ചെലവഴിക്കുകയും ചെയ്തു;

(സി) 1963–64-ൽ എത്ര ഉറുപ്പികയാണു് ഇതിലേക്കു് വകകൊള്ളിച്ചിട്ടുള്ളതു്;

(ഡി) 1964 ജനുവരി 31 വരെ ഇതിൽ എത്ര ഉറുപ്പിക ചെലവായിട്ടുണ്ടു്;

(ഈ) ഏതെല്ലാം ഇനങ്ങൾക്കു് എത്ര ഉറുപ്പികവീതം വകകൊള്ളിച്ചിരുന്നു;

(എഫ്) ഓരോ ഇനത്തിലും പ്രസ്തുത കാലയളവിൽ എത്ര ഉറുപ്പിക വീതം ചെലവഴിച്ചു?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 175 ലക്ഷം രൂപ.

(ബി) 1961-62-ൽ വകകൊള്ളിച്ചതു് 19,50,000 രൂപ; ചെലവാക്കിയതു് 13,85,098 രൂപ; 1962–63-ൽ വകകൊള്ളിച്ചതു് 19,94,000 രൂപ, ചെലവഴിച്ചതു് 21,62,961 രൂപ.

(സി) 16 ലക്ഷം രൂപ.

(ഡി) 4,53,152.43 രൂപ.

(ഈ, എഫ്) ഉത്തരം † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്. കാത്തികേയൻ: ഈ അപ്പക്സ് സൊസൈറ്റി രൂപീകരിക്കാൻ എന്നത്തേക്കു സാധിക്കുമെന്നാണു് ഉദ്ദേശിക്കുന്നതു്?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതിപ്പോഴേ കൃത്യമായി പറയുക പ്രയാസമാണു്. കഴിയുന്ന വേഗത്തിൽ സ്ഥാപിക്കാം.

ശ്രീ. പി. രവീന്ദ്രൻ: 93 ശതമാനം തൊഴിലാളികളും അടങ്ങുന്ന സഹകരണസംഘങ്ങളെ രൂപീകരിക്കുമെന്നു പറഞ്ഞു. എത്ര പഴയ സഹകരണസംഘങ്ങളെ 93 ശതമാനം തൊഴിലാളികളും ഉൾക്കൊള്ളുന്ന സഹകരണസംഘങ്ങളായി രൂപാന്തരപ്പെടുത്തിയിട്ടുണ്ടു്?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതു ഞാൻ ഇവിടെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. ആ ഫിഗർ ഇപ്പോഴെന്റെ കൈയിലില്ല. മറ്റൊരു ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. പി. രവീന്ദ്രൻ: കയർ സഹകരണസംഘങ്ങളിൽ കൺകറന്റു് ആഡിറ്റു നടക്കുന്നുണ്ടു്. മറ്റു സഹകരണസംഘങ്ങളിൽ മുലധനത്തിന്റെ ബേസിസിൽ ആഡിറ്റു വ്യവസ്ഥ നടപ്പാക്കുമ്പോഴേ കയർ സഹകരണസംഘങ്ങളിൽ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ആഡിറ്റു് ചെയ്തു വരുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനു് ഒരു മാറ്റം വരുത്താൻ ശ്രമിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തെപ്പറ്റി ഇതുവരെ ആലോചന നടത്തിയതായി അറിവില്ല. അതേപ്പറ്റി അന്വേഷിക്കാം.

† Appendix IV

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വംഭരൻ: സഹകരണസംഘങ്ങളെ നോക്കുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥന്മാരെ അയച്ചു എന്നു പറഞ്ഞു. സർക്കാർ ഉദ്യോഗസ്ഥന്മാർ സെക്രട്ടറിമാരായിരുന്നു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽതന്നെ ടേണോവറിൽ കുറവും അതുപോലെതന്നെ മോഷണവും, പണാപഹരണവും മറ്റും വരുന്നതു് ഗവണ്മെന്റു് അന്വേഷിക്കാറുണ്ടോ; അതോ അവരുടെ നിയമനം കൊണ്ടുമാത്രം തൃപ്തിപ്പെട്ടിരിക്കുകയാണോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അവയുടെ പ്രവർത്തനം പുരോഗമിക്കുന്നുണ്ടോ എന്നു് ഗവണ്മെന്റു് പരിശോധിക്കുന്നുണ്ടു്. എന്താണു് ഗവണ്മെന്റു് ഇങ്ങനെ ഒരു തീരുമാനമെടുത്തതെന്നു് മെമ്പർക്കു് അറിയാമെന്നു വിശ്വസിക്കുന്നു. കാരണം റെറ്റിംഗ് ആപ്പ്രേഷൻക്കുടി ഈ സൊസൈറ്റികളെ നടത്തുക എന്ന ഒരു സമ്പ്രദായം നിലവിലുണ്ടു്. ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതിനു് പ്രയാസമുള്ളതുകൊണ്ടു് റിസർവ്വ് ബാങ്കു് അസിസ്റ്റൻസ് തരാൻ നിവൃത്തിയില്ലെന്നു് അറിയിച്ചു. അതുകൊണ്ടാണു് ഗവണ്മെന്റു് സെക്രട്ടറിയെ നിയമിച്ചതു്.

ശ്രീ. പി. വിശ്വംഭരൻ: ഗവണ്മെന്റു് സെക്രട്ടറിമാരെ നിയമിക്കുന്നതിനെ ഞാൻ എതിർക്കുകയല്ല. അവരുടെ പ്രവർത്തനത്തിൽ ക്രമക്കേടുകളും ഉണ്ടെന്നു് അറിഞ്ഞുകൊണ്ടു് ചോദിക്കുകയാണു്. അതിനെപ്പറ്റി പരിശോധിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെ ബഹുമാനപ്പെട്ട മെമ്പറുടെ അറിവിൽപ്പെട്ടിട്ടുണ്ടെങ്കിൽ എന്നെ അറിയിച്ചാൽ അതിനെപ്പറ്റി അന്വേഷണം നടത്താം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കൃത്രിമങ്ങളും പണാപഹരണവും നടത്തിയിട്ടുള്ള ചില സെക്രട്ടറിമാരുടെ പേരിൽ നടപടികളെടുക്കാൻ ഗവണ്മെൻറിലേക്കു് എഴുതി അയച്ചിട്ടു് നടപടി എടുക്കാൻ വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ടു്. ഇത്തരം കാര്യങ്ങളിൽ വളരെവേഗം നടപടി എടുക്കാൻ ഗവണ്മെന്റു് ശ്രദ്ധിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ അറിവുടെ ശരിയല്ല.

നാലാം പഞ്ചവത്സരപദ്ധതി

* 672. [16] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) നാലാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതു സംബന്ധിച്ചു് എന്തെങ്കിലും പ്രാരംഭ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്തു് ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിലേക്കു് കേന്ദ്ര പ്ലാനിംഗ് കമ്മീഷനിൽനിന്നോ, കേന്ദ്ര ഗവണ്മെൻറിൽനിന്നോ വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ;

(സി) നാലാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രധാന പണികളെ സംബന്ധിച്ചു് പൊതുജനങ്ങളിൽ നിന്നും വല്ല നിർദ്ദേശവും സ്വീകരിക്കാൻ ഏർപ്പാടു ചെയ്യുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി) പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശപ്രകാരം നാലാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സ്കീമുകളെപ്പറ്റി ആലോചിച്ചു് റിപ്പോർട്ടു സമർപ്പിക്കുന്നതിനു് വേണ്ടി 23 വർക്കിംഗ് ഗ്രൂപ്പുകളെ രൂപീകരിച്ചിട്ടുണ്ടു്. വർക്കിംഗ് ഗ്രൂപ്പുകളുടെ ഒരു † ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

† Appendix V

LIBRARY ARCHIVES Kerala Legislative Assembly

5. Probation—Every person appointed to a category sha from the date on which he joins duty, be on probation for a total period of one year on duty within a continuous period of two years' if he was appointed by promotion, or for a total period of 2 years on duty within a continuous period of three years, if he was appointed by transfer.

By order of the Governor,
K. P. K. MENON,
Chief Secretary.

To

The Superintendent of Government Presses.
The Secretary, Kerala Public Service Commission (with C. L.)
The Accountant General, Trivandrum.
The Finance Department.
All Departments of the Secretariat.
The Public (Services B and C) Departments.
The Private Secretaries to Chief Minister and Deputy Chief Minister.
The Private Secretaries to all Ministers.

APPENDIX IV

[*Please see answer to Starred Question No.* 671 (28)]

'ഇ'ക്കുള്ള ഉത്തരം

കൊല്ലം	1961-62 രൂപ	1962-63 രൂപ	1963-64 രൂപ
വാസ്തു	14,62,600	15,17,000	11,43,000
ഗ്രാന്റു്	2,37,400	2,08,000	1,09,200
ബേപ്പൂർ മോഡൽ കയർ ഫാക്ടറി	50,000	50,000	75,000
ഡിപ്പാർട്ടുമെന്റു് ചെണ്ടെച്ചെലവു്	2,00,000	2,19,000	2,72,800
ആകെ	19,50,000	19,94,000	16,00,000

'എഫ്'നുള്ള ഉത്തരം

കൊല്ലം	1961-62 രൂപ	1962-63 രൂപ	1963-64 രൂപ (31-1-64 വരെ)
വാസ്തു	11,86,864	19,12,157	1,63,289
ഗ്രാന്റു്	7,200	18,400	
ഡിപ്പാർട്ടുമെന്റു് ചെണ്ടെച്ചെലവു്	1,91,034	2,32,404	2,89,863
ആകെ	13,85,098	21,62,961	4,53,152

1963-64-ൽ (31-1-64 വരെ) ഗ്രാന്റിനും ഡിപ്പാർട്ടുമെന്റു ചെലവിനും തരംതിരിച്ചുള്ള കണക്കു് ഇപ്പോഴും ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly